പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4044 20.03.2018- ൽ മറുപടിയ്ക്ക്

## പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ജൈവമെന്ന പേരിൽ വിറ്റിരുന്ന പച്ചക്കറികളിൽ കീടനാശിനികൾ കണ്ടെത്തിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൃഷി വകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ കീഴിൽ " വെള്ളായണി കാർഷിക കോളേജിൽ കീടനാശിനി വിഷാംശ അവശിഷ്ട പരി ശോധനാ ലാബ്" പ്രവർത്തിക്കുന്നുണ്ട്. പഴം പച്ചക്കറി സാമ്പിളുകൾ കൃഷി യിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് ടി ലാബിൽ പരിശോധന നടത്തി 3 മാസത്തിലൊരിക്കൽ പരിശോധന ഫലം കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in. ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടേയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെട്ടു ത്തുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപന ങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ